(സി) വർക്കല നഗരസഭ ആവശ്യമായ സ്ഥലം സംഭാവന ചെയ്യാമെന്ന് ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഒരു ബസ് സ്റ്റേഷൻ അനുവദിക്കാൻ തയ്യാറാകുമോ ;

(ഡി) നാഷണൽ ഹൈവേയിൽ തിരുവനന്തപുരത്തിനും കൊല്ലത്തിനുമിടയ്ക്ക് ബസ് യാത്രക്കാർ കൂട്ടമായി ബുദ്ധിമുട്ടനുഭവിക്കുന്ന കല്ലംമ്പലത്തിൽ കെ.എസ്.ആർ.ടി.സി. യുടെ വകയായി ഒരു വിശ്രമ കേന്ദ്രം സ്ഥാപിക്കുമോ ?

ഉത്തരം

(എ) ഏകദേശം 80 ട്രിപ്പുകൾ.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. തീരുമാനമെടുത്തിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ഇപ്പോഴത്തെ സാഹചര്യത്തിൽ നിവൃത്തിയില്ല.

പേരൂർക്കട ഡിപ്പോയിലെ മല്ലമ്പ്രക്കോണം-കരിങ്കട ബസ്

97 (2810) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പേരൂർക്കട ഡിപ്പോയിൽ നിന്നും നെടുമങ്ങാട് വഴി മല്ലമ്പ്രക്കോണം, കരിങ്കട ജംഗ്ഷൻ വരെ പോകുന്ന ബസ്സുകൾ വലിയമലവരെ നീട്ടുന്നതു സംബന്ധിച്ച് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) യാത്രക്കാരുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് അടിയന്തിരമായി മല്ലമ്പ്രക്കോണം, കരിങ്കടവരെയുള്ള ബസ്സ് സർവ്വീസുകൾ വലിയമല വരെ നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ആവശ്യം പരിഗണിച്ചു വരുന്നു.

(സി) ആവശ്യമായ അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം ഇതിനുള്ള സാധ്യത വിലയിരുത്തി നടപടികൾ എടുക്കുന്നതാണ്.

പബ്ലിക് കേരിയർ പെർമിറ്റുള്ള ഓട്ടോറിക്ഷകൾ

98 (2811) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പബ്ലിക് കേരിയർ പെർമിറ്റുള്ള എത്ര ഓട്ടോറിക്ഷകൾ 1999 ഡിസംബർ 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നു എന്നുള്ളതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly